**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 682** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പേരാമ്പ്ര മണ്ഡലത്തിലെ ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പേരാമ്പ്ര മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനമില്ലായ്മ അവിടെയുള്ളവർക്ക് കടുത്ത പ്രതിസന്ധികൾ നേരിടുന്നതിന് കാരണമാകുന്ന എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u> പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഉള്ള ഉന്നതികളിൽ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

**(ബി)** പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി (റോഡ്, കുടിവെള്ളം, ഭവന പുനരുദ്ധാരണം) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പേരാമ്പ്ര മണ്ഡലത്തിലെ പട്ടികജാതി ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമം, കോർപ്പസ് ഫണ്ട്, എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം മണ്ഡലത്തിലെ നരിമഞ്ചിക്കൽ (ചങ്ങരോത്ത്), മോയോറകുന്ന് (കൂത്താളി) എന്നീ നഗറുകളിൽ ഒരു കോടി രൂപയുടെ പ്രവൃത്തികളും, വലിയപറമ്പ് നഗറിൽ (നൊച്ചാട്) 50 ലക്ഷം രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

പേരാമ്പ്ര മണ്ഡലത്തിലെ കുണ്ടുത്തറ (ചെറുവണ്ണൂർ), ചെറിയ പറമ്പ് (തുറയൂർ) എന്നീ നഗറുകളിൽ 1 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ, മണ്ണടി നഗർ (കീഴരിയൂർ) വികസനത്തിനായി 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കികൊണ്ടിരിക്കുന്നു.

കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ ഭവന പൂർത്തീകരണം, ഭവനപുനരുദ്ധാരണം പദ്ധതികളിൽ ഉൾപ്പെടുത്തി നഗറുകളിലെ വീടുകളുടെയും ഒറ്റപ്പെട്ട വീടുകളുടെയും പുനരുദ്ധാരണം നടപ്പിലാക്കുന്നുണ്ട്.

പേരാമ്പ്ര മണ്ഡലത്തിലെ പട്ടികവർഗ്ഗ ഉന്നതികളിൽ റോഡുകൾ, നടപ്പാതകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഫീസിബിലിറ്റിക്ക് അനുസൃതമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടും, ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫണ്ടും വിനിയോഗിച്ച് നിർമ്മിച്ചു വരുന്നു. മിക്ക ഉന്നതികളിലും ജൽ ജീവൻ മിഷൻ മുഖേന കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

അർഹരായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചു വരുന്നു. ഇതിൻ്റെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ 4 പേർക്കും, 2017-18 സാമ്പത്തിക വർഷത്തിൽ 4 പേർക്കും, 2021-22 സാമ്പത്തിക വർഷത്തിൽ 5 പേർക്കും, 2024-25 സാമ്പത്തിക വർഷത്തിൽ ഒരാൾക്കും, 2025-26 സാമ്പത്തിക വർഷത്തിൽ 2 പേർക്കും ഭവന പുനരുദ്ധാരണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്.

കൂടാതെ, 2025-26 സാമ്പത്തിക വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ കുളത്തുർ ഉന്നതിയും സീതപ്പാറ ഉന്നതിയും സംയോജിപ്പിച്ച് 1 കോടി രൂപയുടെ വികസന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത മണ്ഡലത്തിലെ വിവിധ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിൽ കനത്ത മഴയെത്തുടർന്ന് വീടുകൾ ചോർന്നൊലിക്കുകയും വെള്ളം കയറി കുട്ടികളുടെ പുസ്തകങ്ങൾ നശിക്കുകയും ചെയ്യുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അടിയന്തിര സഹായത്തിനും പുനരധിവാസത്തിനുമായി എന്തെല്ലാം നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

**മറുപടി:** പേരാമ്പ്ര മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളിൽ കനത്ത മഴയെത്തുടർന്ന് വീടുകൾ ചോർന്നൊലിക്കുകയും വെള്ളം കയറി കുട്ടികളുടെ പുസ്തകങ്ങൾ നശിക്കുകയും ചെയ്യുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്.

തീപിടിത്തം, പ്രകൃതി ദുരന്തം പോലെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ നാശനഷ്ടം സംഭവിക്കുന്നവർക്ക് അടിയന്തിര ധനസഹായം നൽകുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ വീട് വാസയോഗ്യമല്ലാതായി തീരുന്നവർക്ക് ഭവന പദ്ധതി പ്രകാരമേ പുതിയ വീട് അനുവദിക്കാൻ സാധിക്കുകയുള്ളു എന്നതിനാൽ ഭവനനിർമ്മാണം സാധ്യമാകുന്നതുവരെ സുരക്ഷിത താമസ സൗകര്യം സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

കൂടാതെ ജീവനോപാധികൾക്ക് നാശനഷ്ടമുണ്ടാകുന്ന സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**